“ഭരണഭാഷ-മാതൃഭാഷ”

നമ്പർ: **KTDS/2247/2025-C**

ഡയറക്ടറേറ്റ് ഓഫ് കിർടാഡ്സ്
കോഴിക്കോട്- **673 017**
ഫോൺ നമ്പർ: **0495 2356805**
ഇ-മെയിൽ: **kirtads@gmail.com**
kirtads@kerala.gov.in
തീയ്യതി: **25-02-2026**

വിജ്ഞാപനം

കോഴിക്കോട് ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന കിർടാഡ്സ് (കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റിസർച്ച് ട്രെയിനിംഗ് ആന്റ് ഡെവലപ്പ്മെന്റ് സ്റ്റഡീസ് ഓഫ് ഷെഡ്യൂൾഡ് കാസ്റ്റ് ആന്റ് ഷെഡ്യൂൾഡ് ട്രൈബ്സ്) നടത്തുന്ന "**Teaching Environmental Science in Cholanaikka language: A Curriculum based aid for educators of standard III**" എന്ന പദ്ധതിയിൽ റിസർച്ച് അസിസ്റ്റന്റ് തസ്തികയിലേക്ക് താത്കാലിക കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനു താഴെ പറയുന്ന യോഗ്യതയുള്ളവർക്ക് **12/03/2026** ന് രാവിലെ **11.00** മണിക്ക് കിർടാഡ്സ് വകുപ്പിൽവെച്ച് വാക്ക്-ഇൻ-ഇന്റർവ്യൂ- നടത്തുന്നതായിരിക്കും. ഉദ്യോഗാർത്ഥികൾ പ്രസ്തുത ദിവസം രാവിലെ **10.00** മണിക്ക് മുൻപായി വയസ്സ്, യോഗ്യതകൾ, സമുദായം, പ്രവൃത്തി പരിചയം എന്നിവ തെളിയിക്കുന്നതിനുള്ള അസ്സൽ സർട്ടിഫിക്കറ്റുകളുമായി ഈ വകുപ്പിൽ (ഡയറക്ടറേറ്റ് ഓഫ് കിർടാഡ്സ്, ചേവായൂർ പി.ഒ, കോഴിക്കോട് - **673017**) നേരിട്ട് ഹാജരാകേണ്ടതാണ്.

ക്രമ നമ്പർ	തസ്തിക	ഒഴിവുകളുടെ എണ്ണം	യോഗ്യത	പ്രതിഫലം	കാലാവധി
1	റിസർച്ച് അസിസ്റ്റന്റ്	**01**	**നിർബന്ധിത യോഗ്യത** • ഭാഷാ ശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദം. • ഗോത്ര മേഖലയിൽ പ്രവർത്തിച്ചുള്ള പരിചയം അനിവാര്യം. • ഭാഷാ ഡോക്യൂമെന്റേഷൻ, ക്യാമറ കൈകാര്യം ചെയ്യാനുള്ള ശേഷി എന്നിവ ഉണ്ടായിരിക്കണം.	പ്രതിമാസം **32,550/-** രൂപ ഹോണറേറിയം	**12** മാസം

പ്രായപരിധി

അപേക്ഷകർക്ക് **01/01/2026** ന് **36** വയസ്സിൽ കൂടുവാൻ പാടില്ലാത്തതാണ്. പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക വിഭാഗക്കാർക്ക് നിയമാനുസൃത ഇളവ് ലഭിക്കുന്നതാണ്.

മുൻഗണന

പട്ടികവർഗ്ഗ സമുദായക്കാർക്ക് മുൻഗണന ലഭിക്കുന്നതാണ്.

Digitally signed by
Bindu S
Date: 25-02-2026
15:29:22

ഡയറക്ടർ

പകർപ്പ്

1. ഡയറക്ടർ
   വിവര പൊതുജന സമ്പർക്ക വകുപ്പ്
   തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
2. ജില്ലാ ഇൻഫർമേഷൻ ഓഫീസർ, കോഴിക്കോട്
3. കമ്പ്യൂട്ടർ ഓപ്പറേറ്റർ (വെബ്സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിന്)
4. നോട്ടീസ് ബോർഡ്
5. ആഫീസ് പകർപ്പ്